"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പിലെ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യം - 01.01.2023 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം - 'പ്രത്യേക നിയമനത്തിന് അനുവാദം നൽകി' ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്

സ.ഉ.(കൈ) നം.173/2023/GAD തീയതി,തിരുവനന്തപുരം, 08-11-2023

---

പരാമർശം:-

1. 01.11.2022-ലെ സ.ഉ.(കൈ) നം.220/2022/GAD.
2. ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ് ഡയറക്ടറുടെ 23.02.2023 തീയതിയിലെ DFB/432/2023-E2 നമ്പർ കത്ത്.
3. ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ് ഡയറക്ടറുടെ 01.09.2023 തീയതിയിലെ DFB/1827/2023-E1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ് ഡയറക്ടറുടെ പരാമർശം (2)-ലെ റിപ്പോർട്ട് പ്രകാരം 01.01.2023 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തിയതിൽ ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗസറ്റഡ് കാറ്റഗറിയിൽ മതിയായ പ്രാതിനിധ്യം ഇല്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത വർഷം ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി താഴെ പറയും പ്രകാരം തസ്തിക റിസർവ്വ് ചെയ്ത് പ്രത്യേക നിയമനത്തിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കാറ്റഗറി | തസ്തിക | വിഭാഗം | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| ഗസറ്റഡ് | കെമിക്കൽ ഇൻസ്പെക്ടർ / ടെക്നിക്കൽ അസിസ്റ്റന്റ് (കെമിക്കൽ) | പട്ടികജാതി/ പട്ടികവർഗ്ഗം | 55200 - 115300 | 1 |
| | | | ആകെ | 1 |

2. മുൻ വർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും, എന്നാൽ നാളിതുവരെ നികത്താത്തതുമായ തസ്തികകൾ നിലവിലുണ്ടെങ്കിൽ അവയിലേയ്ക്ക് അടിയന്തരമായി നിയമനം

നടത്തുവാൻ വേണ്ട നടപടികൾ ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ്.സി.ഡി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, ഫാക്ടറീസ് & ബോയ്‌ലേഴ്സ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ് (പൊതുഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ ബി / എ2 സീറ്റ് ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 2326370)

ഉത്തരവിൻ പ്രകാരം
Signed by
Praveenkumar S
Date: 08-11-2023 12:43:32
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (അറിവിലേക്കായി)